# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2581** **05.11.2019-ൽ മറുപടിക്ക്**

### ഹൗസ് ബോട്ടുകൾ തരംതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഹൗസ് ബോട്ടുകൾ തരംതിരിക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും അറിയിക്കുമോ; | എ) സംസ്ഥാനത്ത് ഹൗസ് ബോട്ടുകൾ തരംതിരിക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ വിനോദ സഞ്ചാര വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.<br>യാനങ്ങളിൽ ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഹൗസ് ബോട്ടുകളെ ഡയമണ്ട് വെസൽ, ഗോൾഡ് വെസൽ, സിൽവർ വെസൽ എന്നിങ്ങനെ മൂന്നായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. 08.07.2019 ലെ സ. ഉ. (കൈ.) 12/2019/ടൂറിസം നമ്പർ ഉത്തരവ് പ്രകാരമാണ് ഹൗസ് ബോട്ടുകളുടെ തരംതിരിവിനുള്ള പരിഷ്കരിച്ച മാനദണ്ഡം അംഗീകരിച്ചിരിക്കുന്നത്. |
| ബി) പുതുക്കിയ മാനദണ്ഡങ്ങൾ അംഗീകരിക്കുന്നത് ഏത് ഏജൻസി/ കമ്മിറ്റിയാണെന്നും അതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വിശദമാക്കുമോ? | ബി) ഹൗസ് ബോട്ടുകളുടെ തരംതിരിവിനുള്ള പുതുക്കിയ മാനദണ്ഡം വിനോദ സഞ്ചാര വകുപ്പാണ് അംഗീകരിച്ചത്.<br>ഹൗസ് ബോട്ടുകൾക്ക് പുതുക്കിയ മാനദണ്ഡ പ്രകാരമുള്ള അംഗീകാരം ലഭ്യമാക്കാനുള്ള പരിശോധനയ്ക്കായി ചുവടെ ചേർക്കും പ്രകാരമുള്ള കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്: |

| | |
|---|---|
| വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ/പ്രതിനിധി | കമ്മിറ്റി ചെയർമാനും കൺവീനറും |
| തുറമുഖ വകുപ്പ് ഡയറക്ടർ/ പ്രതിനിധി | കമ്മിറ്റി അംഗം |
| ആർ. ടി. മിഷൻ സംസ്ഥാന കോ ഓർഡിനേറ്റർ | കമ്മിറ്റി അംഗം |
| ഇന്ത്യൻ അസോസിയേഷൻ ഓഫ് ടൂർ ഓപ്പറേറ്റേഴ്സ് (ഐ. എ. ടി. ഒ.) സെക്രട്ടറി/ പ്രതിനിധി | കമ്മിറ്റി അംഗം |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്. സി. ഐ.)/ ഐ. എച്ച്. എം. സി. ടി. പ്രതിനിധി | കമ്മിറ്റി അംഗം |

സെക്ഷൻ ഓഫീസർ